1440

D:\ajith\2022\right\k disc.RTF - Page : 1 - 16-11-2022 12:22:50

Rs.10 COURT FEE भारत INDIA दस रुपये TEN RUPEES

RTI-1
RTI received on 16.11.2022
File NO. 626/2022/KDISC

വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷ

അപേക്ഷകൻ

ബി.അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ,
മാതൃഭൂമി
തിരുവനന്തപുരം

സ്വീകർത്താവ്

അസി. ഇൻഫർമേഷൻ ഓഫീസർ
കെ ഡിസ്ക് , വഴുതക്കാട്
തിരുവനന്തപുരം

താഴെ പ്രതിപാദിക്കുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമപ്രകാരം മറുപടി നൽകണമെന്ന് താത്പര്യപ്പെടുന്നു

1. 2020 ന് ശേഷം കെ. ഡിസ്ക് എതൊക്കെ സോഫ്റ്റ്‌വേറുകൾ വാങ്ങി. ഒരോന്നിനും ചെലവിട്ട തുക എത്ര?

2. സോഫ്റ്റ്‌വേറുകൾ കരാർ അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ടെങ്കിൽ എത്രരൂപ അതിനായി മാസം ചെലവിടുന്നു പട്ടിക നൽകുക

3. കെ ഡിസ്ക് ആസ്ഥാനം പ്രവർത്തിക്കുന്ന ഓഫീസിന് മാസവാടക എത്ര രൂപയാണ്. ഇതുവരെ വാടക ഇനത്തിൽ എത്രരൂപ ചെലവിട്ടു?

4. കെ.ഡിസ്ക് ആസ്ഥാനമന്ദിരത്തിൽ അറ്റകുറ്റപ്പണി നവീകരണം എന്നിവ നടത്തുന്നതിനായി ഇതുവരെ എത്രരൂപ ചെലവിട്ടു. ഇന്റീരിയർ, ഫർണീച്ചർ, വാട്ടർ ഫൗണ്ടൻ തുടങ്ങി ഒരോ ഇനത്തിലും ചെലവിട്ട തുക എത്ര?

5. കെ ഡിസ്കിൽ എത്ര ജീവനക്കാരുണ്ട്. സ്ഥിര കരാർ ജീവനക്കാർ എത്രയെന്ന് പട്ടിക നൽകുക.?

6. എംപ്ലോയ്മെന്റ് എക്സേഞ്ച് വഴി നിയമനം നൽകിയ താത്കാലിക ജീവനക്കാരെത്ര പട്ടിക നൽകുക.

7. നേരിട്ടും, സി.എം.ഡി വഴിയും കെ.ഡിസ്കിൽ നിയമിതരായ ഉദ്യോഗസ്ഥർ ആരെല്ലാം ശമ്പളം അലവൻസുകൾ എത്ര

8. കെ ഡിസ്ക് നേരിട്ട് നടത്തിയിട്ടുള്ള നിയമനങ്ങളിൽ ഉദ്യോഗാർത്ഥികളിൽ നിന്നും നടത്തിയ തെരഞ്ഞെടുപ്പ് പ്രക്രിയകൾ എന്തെല്ലാം?

9. കെ ഡിസ്കിലേക്ക് സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷനിൽ എത്തിയ ജീവനക്കാരുടെ പട്ടിക, ശമ്പളം എന്നിവ

10. കെ ഡിസ്ക് മെമ്പർ സെക്രട്ടറിയെ നിയമിക്കുന്നതിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ്. ?

വിശ്വസ്തതയോടെ.
ബി.അജിത് രാജ്

17. 11. 2022
തിരുവനന്തപുരം

7 ~~5~~

വിവരാവകാശ നിയമം -2005

K-DISC
Kerala Development and Innovation Strategic Council

കേരള ഡെവലപ്പ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

നം. 626/2022/കെ-ഡിസ്ക്

ഇന്ത്യ ഹൈറ്റ്സ്
ഗവ. വിമൻസ് കോളേജ് റോഡ്
വഴുതക്കാട് തൈക്കാട്. പി.ഒ
തിരുവനന്തപുരം - 695 014
തീയതി : 12 /12/2022

പ്രേഷകൻ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്,

ബി. അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി
തിരുവനന്തപുരം

സർ,

വിഷയം:- വിവരാവകാശ നിയമം 2005 പ്രകാരം ബി. അജിത് രാജ് 17.11.2022 ന സമർപ്പിച്ച അപേക്ഷ - മറുപടി സംബന്ധിച്ച്

സൂചന:- താങ്കളുടെ 17.11.2022 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

സൂചനയിലേക്ക ശ്രദ്ധ ക്ഷണിക്കുന്നു. 17.11.2022 ലെ അപേക്ഷയിൽ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.

| Sl No. | Component | Name | Expenditure Incurred |
|---|---|---|---|
| 1 | Financial Management | TALLY | Rs. 3,82,320/- |

2.

| Sl No. | Name of Component | Annual Charge (Rs) |
|---|---|---|
| 1 | Microsoft Office 365 | 2,75,800/- |
| 2 | ZOHO – Project Management / People Attendance Modules | 12,60,789/- |

3. കെ-ഡിസ്ക് ആസ്ഥാനം പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടത്തിന് എല്ലാ നികുതികളും ഉൾപ്പെടെ മാസ വാടക ഇനത്തിൽ 4,72,000/- രൂപ നൽകിവരുന്നു. ഇതുവരെ വാടക ഇനത്തിൽ ചിലവായ തുക - ₹ 1,45,40,101/-

4. ഇതുവരെ ചെലവിട്ട തുക – Rs.1,59,14,523/-

- മൊബിലൈസേഷൻ അഡ്വാൻസ് – Rs.45,06,450/-

- അറ്റകുറ്റപ്പണി - Rs.13,40,389/-
- നവീകരണം - Rs.1,00,67,684/-

| ഇനം | ചെലവിട്ട തുക |
|---|---|
| ഇന്റീരിയർ | Rs.30,37,722/- |
| ഫർണിച്ചർ | Rs.21,20,738/- |
| വാട്ടർ ഫൗണ്ടൻ | നിലവിലില്ല |

5. കെ-ഡിസ്കിൽ 262 ജീവനക്കാരുണ്ട്. സ്ഥിര-കരാർ ജീവനക്കാരില്ല.

6. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടില്ല

7. നേരിട്ടും സിഎംഡി വഴിയും കെഡിസ്കിൽ നിയമിതരായ ഉദ്യോഗസ്ഥരുടെ പട്ടിക, 7 പേജിലായി ആണ് ഉള്ളത് . ഒരു പേജിന് 3 രൂപാ നിരക്കിൽ 21 രൂപാ "0070-60-118-99-receipts under Right to Information Act 2005 " എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്

8.

- സിഎംഡി മുഖേന ടെസ്റ്റുകളുടേയും ഇന്റർവ്യൂവിന്റയും അടിസ്ഥാനത്തിൽ.
- സ്കൗട്ടിങ്ങിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തി.

9. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമനം നടത്തിയിട്ടില്ല.

10.

കെ-ഡിസ്ക് മെമ്പർ സെക്രട്ടറിയെ നിയമിക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവ് 2 പേജിലായി ആണ് ഉള്ളത് .ഒരു പേജിന് 3 രൂപാ നിരക്കിൽ 6 രൂപാ "0070-60-118-99-receipts under Right to Information Act 2005 " എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്

ഈ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ താഴെപറയുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

**അപ്പീൽ അധികാരി**

ഡോ.പി.വി ഉണ്ണികൃഷ്ണൻ
മെമ്പർ സെക്രട്ടറി
കേരള ഡവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ
ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ് ,വിമൻസ് കോളേജ് റോഡ്, വഴുതക്കാട്
തിരുവനന്തപുരം, കേരളം 695014

വിശ്വസ്തതയോടെ,

S. [signature]

സുരേഷ് കുമാർ എസ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ